# കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - ഓട്/ഇഷ്ടിക/പരമ്പരാഗത മൺപാത്ര നിർമ്മാണ വ്യവസായത്തിനനുയോജ്യമായ കളിമൺ ലഭ്യമായ സ്ഥലങ്ങൾ പ്രഖ്യാപിക്കുന്നതും, സമഗ്രമായ പുതുക്കിയ കളിമൺ ഖനന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

ജി.ഒ. (എം.എസ്) നം.: 36/2010/വ്യവ. തിരുവനന്തപുരം, തീയതി, 20.2.2010

---

<u>പരാമർശം:</u> 1.ജി.ഒ. (എം.എസ്) നം.21/09/വ്യവ. തിരുവനന്തപുരം, തീയതി, 7.2.2009.
2.18.11.2009 -ലെ ബഹു: വ്യവസായ/ റവന്യൂ വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൻെറ നടപടി ക്കുറിപ്പ്.

## <u>ഉത്തരവ്</u>

1. പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ ജില്ലകളിലെ കളിമൺ ലഭ്യമായ പ്രദേശങ്ങൾ പ്രഖ്യാപിക്കുകയും ഓട്/ഇഷ്ടിക/പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിനാവശ്യമായ കളിമൺ ഖനനം സംബന്ധിച്ച് സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു

2. കളിമൺ ഖനന യോഗ്യമായ സ്ഥലങ്ങളുടെ പട്ടികയിൽ കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സ്ഥാപനങ്ങളും വ്യക്തികളും സർക്കാരിനെ സമീപിക്കുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് 18.11.2009-ൽ ബഹു: വ്യവസായ/റവന്യൂ വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുകയും കളിമൺ ഖനനം സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

3. ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് കളിമൺ നിക്ഷേപമുള്ളതായി കണ്ടെത്തി സർക്കാരിൽ സമർപ്പിച്ചിരുന്നതും 7.2.2009-ലെ ജി.ഒ (എം.എസ്) നം.21/09/വ്യവ-സർക്കാർ ഉത്തരവിൻെറ അനുബന്ധമായി കളിമൺ ഖനനയോഗ്യമായി പ്രഖ്യാപിച്ചിരുന്നതുമായ സ്ഥലങ്ങളിൽ നിന്നും താഴെ പറയുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഓട്/ഇഷ്ടിക/പരമ്പരാഗത മൺപാത്ര നിർമ്മാണ വ്യവസായത്തിനാവശ്യമായ കളിമൺ ഖനനത്തിന് അനുമതി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## മാർഗ്ഗനിർദ്ദേശങ്ങൾ

1. കളിമൺ ഖനനത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ജിയോളജിസ്റ്റ് ഓരോ അപേക്ഷയിലും സ്ഥലപരിശോധന നടത്തി പരിസ്ഥിതി ആഘാത സാധ്യതകൾ വിലയിരുത്തി ഖനനാനുമതി നൽകേണ്ടതാണ്

2. പുഴയുടെ അരികിൽ നിന്നും 50 മീറ്റർ മാറി മാത്രമേ ഖനാനുമതി നൽകാവൂ.

3. ഓടു വ്യവസായത്തിന് ആവശ്യമുള്ള കളിമണ്ണ് എടുത്തതിനുശേഷം മൂടപ്പെടാതെ കിടക്കുന്ന കുഴികൾ പൂർണ്ണമായും നികത്തിക്കൊള്ളാമെന്ന ഒരു സത്യവാങ്മൂലം അപേക്ഷകൻ 50 രൂപാ മുദ്രപ്പത്രത്തിൽ അപേക്ഷയോടൊപ്പം എഴുതി നൽകേണ്ടതാണ്

4. മണ്ണെടുത്ത ശേഷമുള്ള കുഴികൾ മൂടുന്നത് നിരീക്ഷിക്കുന്നതിനായി ജിയോളജിസ്റ്റ്, പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് ആഫീസർ, കൃഷി ഭവൻ ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഇത്തരം കമ്മറ്റികൾ ഓടു വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി കളിമണ്ണ് ഖനനം നടത്തുന്ന പ്രദേശങ്ങളിൽ രൂപീകരിക്കേണ്ടതും പഞ്ചായത്ത് പ്രസിഡൻറിനെ ഈ കമ്മറ്റിയുടെ അദ്ധ്യക്ഷനാക്കേണ്ടതുമാണ്.

5. ഖനനശേഷം രൂപപ്പെടുന്ന കുഴികൾ മൂടേണ്ട പൂർണ്ണ ഉത്തരവാദിത്തം കളിമൺ ഖനനം നടത്തുന്ന വ്യക്തിക്കായിരിയ്ക്കും. ഇവ നടപ്പാക്കുന്നുവെന്ന് മോണിറ്ററിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.

6. മോണിറ്ററിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതും ഓടു വ്യവസായത്തിനല്ലാതെ മറ്റു ആവശ്യങ്ങൾക്കുള്ള മണലെടുപ്പ് കർശനമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

7. ഖനനാനുമതിയിൽ അനുവദിച്ച അളവിൽ ആണോ ഖനനം ചെയ്യുന്നത് എന്ന് മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്

8. ഖനനാന്തരം രൂപപ്പെടുന്ന കുഴികൾ നല്ല മണ്ണ് മാത്രം ഉപയോഗിച്ച് നികത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

9. പരമ്പരാഗത കളിമൺ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഖനനാനുമതി നൽകേണ്ടതാണ്

10. വ്യവസായ വകുപ്പിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഓട്, കളിമൺ വ്യവസായ ശാലകൾക്ക് കളിമണ്ണ് ലഭ്യമാക്കേണ്ടതില്ല

11. ഖനനശേഷം രൂപപ്പെട്ട കുഴികൾ മൂടുന്നതിന് ആവശ്യമായ തുകയുടെ ബാങ്ക് ഗ്യാരന്റി അപേക്ഷകൻ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്

12. ഖനനം സംബന്ധിച്ച് പരാതി ലഭിച്ചാലുടൻ, അന്വേഷിച്ച് വ്യക്തമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

13. ഡാമുകളിൽ നിന്നും മാറ്റുന്ന കളിമണ്ണും ഉപയോഗപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിലുള്ള നിയന്ത്രണം സംബന്ധിച്ച നിബന്ധനകൾ സർക്കാർ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

4. മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് കളിമൺ നിക്ഷേപമുള്ളതായി പുതിയതായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ അതാത് പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡൻറ് , അസിസ്റ്റൻറ് ഡയറക്ടർ (അഗ്രികൾച്ചർ), ജിയോളജിസ്റ്റ് എന്നിവർ പരിശോധിച്ച് അസസ്മെൻറ് നടത്തി പുതുക്കിയ ലിസ്റ്റ് മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിൻെറ അംഗീകാരത്തിനായി രണ്ടാഴ്ചയ്ക്കകം സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ടി.ബാലകൃഷ്ണൻ
ഗവ: അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, മൈനിംഗ് ആൻറ് ജിയോളജി വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം
3. ജില്ലാ ഓഫീസുകൾ, വ്യവസായ വാണിജ്യ വകുപ്പ് (വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
4. ജില്ലാ ഓഫീസുകൾ, മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് (മൈനിംഗ് ആൻറ് ജിയോളജി വകുപ്പ് ഡയറക്ടർ മുഖാന്തിരം)
5. ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
6. എല്ലാ ജില്ലാ കലക്ടർമാർക്കും
7. പ്രസിഡൻറ്, ഓൾ കേരള ഓട് നിർമ്മാണ ഫെഡറേഷൻ, ടി.സി.36/775, 'അനുരാധ', പുൻകുന്ന് പി.ഒ., തൃശ്ശൂർ.
8. പൊതുഭരണ (എസ്.സി) വകുപ്പ് (17.2.2010 തീയതിയിലെ ഇനം. നമ്പർ: 4274 പ്രകാരം)
9. റവന്യൂ വകുപ്പ്
10. തദ്ദേശ സ്വയം ഭരണ വകുപ്പ്
11. ജലവിഭവ വകുപ്പ്
12. കൃഷി വകുപ്പ്
13. ഡയറക്ടർ, കൃഷി വകുപ്പ്
14. ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ്
15. വ്യവസായ (എ) വകുപ്പ്
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ